**CAPEX**
Kerala State Cashew Workers Apex Industrial Co-operative Society Ltd.
P.B.No. 262, Industrial Development Plot
H & C Compound, Mundakkal West, Kollam - 691 001.
Reg.No. : IND(ST) 12
Phone : 0474 - 2742499, 2765644
e-mail : cashewcapex@rediffmail.com
website : www.cashewcapex.com

No:-Capex/Com/Shell/25-26/07 16/03/2026

## ക്വട്ടേഷൻ നോട്ടീസ്

കാപ്പക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിൽ നിന്നും അണ്ടിത്തോട് വിലക്കെടുക്കുന്നതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു . കാപ്പെക്സ് പത്ത് ഫാക്ടറികൾക്ക് ഒരുമിച്ചോ പ്രത്യേകമായോ ദർഘാസുകൾ സമർപ്പിക്കാവുന്നതാണ്. ദർഘാസിൽ 1 കിലോ തോടിന്റെ (തല്ല് തോട് , വെട്ട് തോട് വേർതിരിച്ച് ) വില എഴുതേണ്ടതും ഫാക്ടറി ഒന്നിന് 10000/- രൂപ എന്ന കണക്കിൽ ഇ .എം. .ഡി അടക്കേണ്ടതുമാണ് . ക്വട്ടേഷനുകൾ 26/03/2026 12:00 മണിക്ക് മുൻപ് കാപ്പെക്സ് ഹെഡ് ഓഫീസിൽ ലഭിക്കേണ്ടതാണ് . അന്ന് തന്നെ 12:30 ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ് . ഇതേ കുറിച്ച് ഒരു അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ ക്വട്ടേഷന് പ്രാബല്യമുണ്ടായിരിക്കും.

ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഫാക്ടറി പ്രവർത്തനത്തിന് തടസമുണ്ടാകാത്ത വിധം അതാത് ആഴ്ചയിലെ തോട് നീക്കം ചെയ്യേണ്ടതാണ് . ആയത് കൊണ്ടുപോകാനുള്ള കാലിച്ചാക്ക് കക്ഷികൾ കൊണ്ട് വരേണ്ടതാണ് . ഓരോ ചാക്കിലും തോട് തൂക്കുന്നതിന് മുൻപ് നമ്പർ പാർട്ടി ഇടേണ്ടതാണ് . ഒരു ചാക്കിന്റെ തൂക്കം 35 kg വച്ച് സ്റ്റാൻഡേർഡിസ് ചെയ്യേണ്ടതാണ് . തോട് വിലയടച്ച് നീക്കം ചെയ്യുന്നതിന് കാലതാമസം ഉണ്ടായാൽ മറ്റൊരു നോട്ടീസ് കൂടാതെ തന്നെ റദ്ദ് ചെയ്യുന്നതിനും ഡെപ്പോസിറ്റ് തുക സൊസൈറ്റിയിലേക്ക് മുതൽ കൂട്ടുന്നതുമാകുന്നു . അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയാകുന്നതുമാകുന്നു . ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ കാപ്പെക്സ് അധികൃതരുടെ വാക്കാലോ, രേഖാമൂലമോ ഉള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥരായിരിക്കും . ക്വട്ടേഷൻ സംബന്ധിച്ച് സൊസൈറ്റിയിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമാണ് . അധികൃതർ കൈക്കൊള്ളുന്ന തീരുമാനം അന്തിമവുമായിരിക്കും . ക്വട്ടേഷൻകൾ കാരണം കൂടാതെ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സൊസൈറ്റി മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഫാക്ടറിയിൽ നിന്നും കാപ്പക്സിന്റെ ഹെഡ് ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. സൊസൈറ്റി ജീവനക്കാരോ അവരുടെ ബന്ധുക്കളോ , ട്രേഡ് യൂണിയൻ പ്രതിനിധികളോ ദർഘാസ് നൽകുവാൻ പാടില്ല .

Santhosh Kumar

മാനേജിങ് ഡയറക്ടർ